സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ വഴിപാട് നിരക്ക് ഏകീകരണം - 01.04.2016 ലെ ഉത്തരവിലെ ഏതാനും ഭേദഗതികൾ സംബന്ധിച്ച്.

---

ആർ.ഒ.സി. നമ്പർ.10416/12/സ്യൂട്ട്/എൻ.എസ്.    നന്തൻകോട് , 23 /06/2016.

---

പരാമർശം : 1. 01.04.2016, 22.04.2016, 28.5.16 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.

2. അംഗീകൃത സർവ്വീസ് സംഘടനയുടെ 6.6.16, 16.6.16 എന്നീ തീയതികളിലെ കത്തുകൾ.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ദേവസ്വങ്ങളിലെയും വഴിപാടുകൾക്ക് ഏകീകൃത രൂപവും റേറ്റും ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട് ആയത് സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01.04.2016 ൽ വഴിപാട് റേറ്റ് ഏകീകരിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ പ്രായോഗികത കണക്കിലെടുത്ത് ചില ഭേദഗതികൾ വരുത്തണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) ആയി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 01.04.2016 ആർ.ഒ.സി. 10416/12/സ്യൂട്ട്/എൻ.എസ്.നമ്പർ ഉത്തരവിൽ ചുവടെ വിവരിക്കുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേവസ്വങ്ങളിലേയ്ക്കാവശ്യമായ ദൈനംദിന രജിസ്റ്ററുകളും, റെക്കാർഡുകളും, രസീതുകളും പ്രിന്റ് ചെയ്ത് ലഭ്യമാക്കേണ്ടതുള്ളതിനാലും സബ്ഗ്രൂപ്പാഫീസർമാർക്ക് കമ്പ്യൂട്ടർ പരിശീലനം പൂർത്തിയാക്കേണ്ടതിനാലും സബ്ഗ്രൂപ്പ് അടിസ്ഥാനത്തിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കേണ്ടതിനാലും ടി നടപടി പൂർത്തിയാകുന്നതുവരേയോ 3 മാസക്കാലയളവോ ഏതാണോ ആദ്യം അതുവരെ നിലവിലെ ഉത്തരവ് പ്രകാരം ദൈനംദിന വഴിപാട് രജിസ്റ്റർ പരിപാലിക്കുന്നത് താൽക്കാലികമായി നിർത്തി വച്ചുകൊണ്ട് ഉത്തരവാകുന്നു.

2. കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് ബില്ലുകൾ Last date ന് മുൻപ് payment നൽകുവാൻ കഴിയുംവിധം ഗ്രൂപ്പാഫീസുകളിൽ നിന്നും ചെക്കെഴുതി payment നൽകുന്നതിന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3. ദേവസ്വങ്ങളിൽ ആചാരപരമായ വഴിപാടുകൾ തുടരുന്നതിന് 1.4.2016-ലെ ഉത്തരവിലെ പൊതുനിർദ്ദേശത്തിൽ para 5 ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിലേയ്ക്കുള്ള അനുമതി നൽകുന്നതിന് അതാത് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ പരിധിക്ക് ഉപരിയിലുള്ള കേസ്സുകൾ 1.4.16 ലെ ഉത്തരവിൻ പ്രകാരം ദേവസ്വം കമ്മീഷണർ ചെയർമാനായി രൂപീകരിച്ച വഴിപാട് പ്രൊപ്പോസ്സൽ അനുവദിക്കുന്നതിലേയ്ക്കുള്ള സ്ഥിരം കമ്മിറ്റി പരിശോധിച്ച് സമയബന്ധിതമായി അനുമതി നൽകുന്നതിന് നടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

(മറുപുറം)

4. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പാഫീസർമാരുടെ ഭരണത്തിലുള്ള സബ്ഗ്രൂപ്പിനു കീഴിലുള്ള എല്ലാ ദേവസ്വങ്ങളിലേയും ഒടുക്ക് നിശ്ചിത ദിവസത്തിനുള്ളിൽ ചെയ്യണമെന്നുള്ള വ്യവസ്ഥയിൽ നിന്നും ടി സബ്ഗ്രൂപ്പുകൾക്ക് കീഴിലുള്ള Grade III ദേവസ്വങ്ങളെ ഒഴിവാക്കി 1.4.2016 ലെ ഉത്തരവിനു മുമ്പിലെ സ്ഥിതി തുടരുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

13/6/16

**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) എല്ലാ ആഫീസ് മേധാവികൾക്കും
3) ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
4) EDP Section
5) സെക്ഷൻ ഫയൽ
6) ഫയൽ ബുക്ക്
7) ആഫീസ് കോപ്പി